# കേരള സർവകലാശാല

നം. പി.ആർ.133/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രവേശനം: ഒന്നാംഘട്ട അലോട്ട്മെന്റ് ഫീസ് ജൂൺ 19 വരെ അടയ്ക്കാം.

കേരള സർവ്വകലാശാല 2017-18 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് അടയ്ക്കേണ്ട അവസാന തീയതി 19-06-2017 വൈകുന്നേരം 5 മണി വരെയാണ്. അലോട്ട്മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് അടയ്ക്കുവാനുള്ള ചെലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐ യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/- രൂപയുമാണ്. അഡ്മിഷൻ ഫീസ് അടച്ചവർ നിശ്ചിത സമയത്തിനകം ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേണൽ നമ്പർ) നിർബന്ധമായും വെബ്സൈറ്റിൽ നൽകി അലോട്ട്മെന്റ് ഉറപ്പാക്കണം. അല്ലാത്തപക്ഷം അവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രം കോളേജുകളിൽ ഹാജരായൽ മതിയാകും.

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017 കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം- റാങ്ക് ലിസ്റ്റ് - 20.06.2017-ന്

വിവിധ എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ മെറിറ്റ് ലിസ്റ്റ് 20.06.2017-ന് ബന്ധപ്പെട്ട കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. പരാതിയുള്ളവർ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് 24.06.2017-നകം രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഗണിച്ച ശേഷം അന്തിമ പട്ടിക 26.06.2017-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് അതത് കോളേജ് പ്രിൻസിപ്പലുമായി ബന്ധപ്പെടുക. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം 01.07.2017 മുതൽ കോളേജുകളിൽ ആരംഭിക്കും.

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017 സ്പോർട്സ് ക്വാട്ട പ്രവേശനം- റാങ്ക് ലിസ്റ്റ് - 19.06.2017-ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ സ്പോർട്സ് ക്വാട്ട പ്രവേശന ലിസ്റ്റ് 19.06.2017-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. പരാതിയുള്ളവർ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് 24.06.2017-നകം രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഹരിച്ച ശേഷം പ്രിൻസിപ്പൽ ബന്ധപ്പെട്ട രേഖകൾ സർവകലാശാലയ്ക്ക് കൈമാറും. സർവകലാശാലയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം 01.07.2017 മുതൽ കോളേജുകളിൽ പ്രവേശനം ആരംഭിക്കും.

## മൂന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികളുടെ കോളേജ് മാറ്റം

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മൂന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾ (സി.ബി.സി.എസ്) ക്ക് 2017-18 അധ്യയന വർഷത്തിൽ കോളേജ് മാറ്റത്തിനായി നിശ്ചിത അപേക്ഷാഫോമിൽ അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളേജ് മാറ്റം, ഗവൺമെന്റ് എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്. അപേക്ഷയോടൊപ്പം പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശയോടെ ചേരാനുദ്ദേശിക്കുന്ന കോളേജിൽ ജൂലൈ മൂന്നിനകം സമർപ്പിക്കണം. ഇത്തരത്തിൽ ലഭിച്ച അപേക്ഷകൾ പ്രിൻസിപ്പാൾ മെറിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ചെയ്ത് ജൂലൈ 12-നകം രജിസ്ട്രാറിന്റെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഫീസായി 1000 രൂപയും തിരഞ്ഞെടുക്കുകയാണെങ്കിൽ 1500 രൂപ വീണ്ടും അടയ്ക്കേണ്ടതാണ്. അന്തർ സർവകലാശാല കോളേജ് മാറ്റത്തിനായി അപേക്ഷയോടൊപ്പം പഠിച്ച കോഴ്സിന്റെ സ്കീമും സിലബസും രജിസ്ട്രാറിന്റെ അറ്റസ്റ്റേഷനോട് കൂടി 2000 രൂപ ഫീസടച്ച് സർവകലാശാല രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

## ബി.എ ഫലം

കേരള സർവകലാശാല 2017 ഫെബ്രുവരിയിൽ നടത്തിയ ബി.എ (ആന്വൽ)/ബി.എ (അഫ്സൽ-ഉൽ-ഉലാമ) പാർട്ട് ഒന്ന് - ഇംഗ്ലീഷ്, പാർട്ട് രണ്ട് - അഡീഷണൽ ലാംഗ്വേജ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും. പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ജൂലൈ 11-ന് ആരംഭിക്കുന്ന പാർട്ട് ഒന്നും രണ്ടും പരീക്ഷകൾക്ക് ജൂൺ 19 മുതൽ ഫീസടച്ച് അപേക്ഷിക്കാം. പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 26 (50 രൂപ പിഴയോടെ ജൂൺ 28, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 30) വരെ ഫീസടച്ച് അപേക്ഷിക്കാം. മുമ്പ് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തുടർന്നും ഓൺലൈനായി മാത്രം അപേക്ഷിക്കണം. പുനർ മൂല്യനിർണ്ണയത്തിന് ജൂലൈ 15 വരെ അപേക്ഷിക്കാം. കൂടാതെ കേരള സർവകലാശാലയ്ക്ക് കീഴിൽ 2016-19 വർഷത്തേക്ക് പ്രൈവറ്റായി രജിസ്റ്റർ ചെയ്യുകയും യഥാസമയം ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികൾക്കും മേൽപ്പറഞ്ഞ ദിവസങ്ങളിൽ ഒന്നാം വർഷ പരീക്ഷാഫീസായ 730 രൂപയും 1000 രൂപ പിഴയും അടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും.

## ബി.ബി.എ പരീക്ഷാകേന്ദ്രം

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസകേന്ദ്രം ജൂൺ 27-ാം തീയതി അരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ബി.എ (റഗുലർ (2014) & സപ്ലിമെന്ററി (2013)) പരീക്ഷയ്ക്ക് വേണ്ടി തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യർത്ഥികൾ പാളയത്തെ വിദൂര വിദ്യാഭ്യാസകേന്ദ്രത്തിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതണം. കൊല്ലം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യർത്ഥികൾ കൊല്ലം വടക്കേവിള ഫാത്തിമ മെമ്മോറിയൽ ട്രെയിനിങ് കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി

അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതണം. ചേർത്തല, കോട്ടയം, കണ്ണൂർ എന്നീ കേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതണം.

## ബി.എസ്സി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ബി.എസ്സി ആന്വൽ സ്കീം (പാർട്ട് ഒന്ന്, പാർട്ട് രണ്ട്, പാർട്ട് മൂന്ന് സ്റ്റാറ്റിസ്റ്റിക്സ് അക്കൗണ്ടിംഗ്) വിഷയങ്ങളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 16 വരെ അപേക്ഷിക്കാം. തോറ്റ വിദ്യാർത്ഥികൾ ഏപ്രിൽ 2017 സെഷനിലെ പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 26 (50 രൂപ പിഴയോടെ ജൂൺ 28, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 30) വരെ ഫീസടച്ച് അപേക്ഷിക്കാം.

## വായന ദിനാഘോഷവും മെറിറ്റ് ഡേയും

കേരള സർവകലാശാല ലൈബ്രറി സംഘടിപ്പിക്കുന്ന വായന ദിനാഘോഷവും മെറിറ്റ് ഡേയും പ്രൊ-വൈസ് ചാൻസലർ ഡോ. എൻ.വീരമണികണ്ഠൻ ഉത്ഘാടനം ചെയ്യും. ജൂൺ 19-ന് ഉച്ചയ്ക്ക് 2.15-ന് ലൈബ്രറി ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ. എ. സമ്പത്ത് എം.പി മുഖ്യപ്രഭാഷണം നടത്തും. സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എച്ച് ബാബുജാൻ, കെ.എസ് ഗോപകുമാർ, യു.ജി.സി എമിററ്റസ് പ്രൊഫ. ഡോ. എം. ശാർങ്ഗധരൻ എന്നിവർ ആശംസാപ്രസംഗം നടത്തും. സർവകലാശാല ലൈബ്രറി ഉപയോക്താക്കളിൽ സിവിൽ സർവീസ് പരീക്ഷാജേതാവ് എം. ശ്രീരാഗ്, ഗ്രന്ഥകർത്താവ് ആർ.കെ.ആർ നായർ, ഗവേഷകരായ ലിസ്ബ യേശുദാസ്, രമ്യ രാജൻ, ജീവനക്കാരിൽ പി.എച്ച്.ഡി നേടിയ ഡോ.വി.ദിലീപ്കുമാർ, ഡോ. സി. സുരേഷ്കുമാർ, വായനാമത്സര ജേതാക്കൾ, മികച്ച യുവ ലൈബ്രേറിയൻ, ജിതിൻ കണ്ണാട്, ജീവനക്കാരുടെ മക്കളിൽ വിവിധ പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയവർ തുടങ്ങിയവർക്കുള്ള അവാർഡുകളും സമ്മാനിക്കും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ജൂലൈ 18 മുതൽ നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റും കൈപ്പറ്റണം

കേരള സർവകലാശാല 2016 ഡിസംബർ മാസത്തിൽ നടത്തിയ പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റും ജൂൺ 17 മുതൽ സി.എസ്.എസ് ഓഫീസിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

## എം.എ സംസ്കൃതം ജനറൽ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ 2015-17 അധ്യയന വർഷത്തിലെ എം.എ സംസ്കൃതം ജനറൽ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ആര്യ എസ് വിജയൻ (SKT 150501/2017) ഒന്നാം റാങ്ക് നേടി.

## ബി.പി.എഡ് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (ബി.പി.എഡ്) ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ (റഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ, ബി.എസ്സി ഇലക്ട്രോണിക്സ് ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ബി.ബി.എ, ബി.എസ്സി ഇലക്ട്രോണിക്സ് (2013 അഡ്മിഷന് മുമ്പുള്ളത്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.പി.എ/ എം.ടി.എ പരീക്ഷ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ/എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.പി.എ/ എം.ടി.എ (റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 19 മുതൽ ആരംഭിക്കും. പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 23 (50 രൂപ പിഴയോടെ ജൂൺ 29, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ നാല്) വരെ ഫീസടച്ച് അപേക്ഷിക്കാം വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാലയുടെ 2011 അഡ്മിഷൻ എം.എസ്സി കെമിസ്ട്രി/അനലറ്റിക്കൽ കെമിസ്ട്രി/ബോട്ടണി/കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളുടെ രണ്ടാം സെമസ്റ്റർ മേഴ്സി ചാൻസ് അനുവദിച്ചിട്ടുണ്ട്. പരീക്ഷയക്ക് പിഴ കൂടാതെ ജൂൺ 29 (50 രൂപ പിഴയോടെ ജൂലൈ ഒന്ന്, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ നാല്) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അന്താരാഷ്ട്ര യോഗ ദിനാഘോഷം

അന്താരാഷ്ട്ര യോഗ ദിനം പ്രമാണിച്ച് കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ജൂൺ 21-ന് രാവിലെ 6.30 മുതൽ ആഘോഷങ്ങൾ സംഘടിപ്പിക്കും. ഡോ. ടി.ആർ ശ്രീറാം നേതൃത്വം നൽകുന്ന യോഗാഭ്യാസ പ്രദർശനങ്ങളിൽ പൊതുജനങ്ങൾക്കും പങ്കെടുക്കാം. യോഗാഭ്യാസത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ ആറ് മണിക്ക് തന്നെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ എത്തിച്ചേരേണ്ടതാണ്. കേരള സർവകലാശാല പരീക്ഷാ കൺട്രോളർ ഡോ. കെ.മധുകുമാർ മുഖ്യാതിഥിയായിരിക്കും.

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷന് അപേക്ഷ ക്ഷണിച്ചു

കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം ആറ്റിങ്ങൽ ഗവ. കോളേജിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ആറ്റിങ്ങൽ ഗവ. കോളേ ജിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നിന്നും ശനി ഞായർ ദിവസങ്ങളിൽ ലഭി ക്കും. അപേക്ഷാ ഫോമിന് 110 രൂപ. യോഗ്യത പ്ലസ് ടു / പ്രീഡിഗ്രി ജയം. ക്ലാസുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം. കോഴ്സ് കാലാവധി ആറ് മാസം. അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ 26. കുടുതൽ വിവര ങ്ങൾക്ക് ഫോൺ: 8129418236.

## പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സ്

കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം ജൂലൈ അഞ്ചിന് ആരംഭിക്കുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. കേരള സർവ്വകലാശാല അംഗീകരിച്ച ബിരുദമാണ് അടി സ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. കോഴ്സ് ഫീസ് 19500/-.അപേക്ഷാഫീസ് 100 രൂപ. താൽപര്യമുള്ളവർ തിരുവനന്തപുരം സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## ബി.വോക് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352) പരീക്ഷയുടെ (റഗുലർ - 2014 അഡ്മിഷൻ) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് ജൂലൈ അഞ്ച് വരെ ഓൺലൈനായി അപേക്ഷിക്കാം.

തിരുവനന്തപുരം.
17.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098